Draft #2 of File 2703/AD A9/3/2020/AD A 9 Approved by ASSISTANT REGISTRAR II (ADMIN) on 10-Nov-2020 10:55 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2018 - 19 സാമ്പത്തിക വർഷത്തിൽ വിവിധ പഠനവകുപ്പുകളിലെ അദ്ധ്യാപകരുടേയും, ജീവനക്കാരുടേയും പേരിൽ അനുവദിച്ചിട്ടുള്ളതും , ഇതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ താൽക്കാലിക മുൻകൂർ തുകകൾ - ആയതുമായി ബന്ധപ്പെട്ട ഓഡിറ്റന്വേഷണങ്ങൾ - വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മറ്റിയെ ചുമതലപ്പെടുത്തികൊണ്ടുള്ള 13/10/2020 -ലെ സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 9 സെക്ഷൻ**

നമ്പർ. 5300/AD A 9/2020/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 10.11.2020

---

*പരാമർശം:*-1. അക്കൗണ്ടന്റ് ജനറലിന്റെ 2018 - 19 വർഷ ഓഡിറ്റ് എൻക്വയറി നമ്പർ 93.

2. G.O.(P) No. 419/2011/Fin.Dated, Tvm/04.10.2011 (പുറത്തെഴുത്ത് നം. എഡിഎ III (2)/6083/2011/Admn. dated 11.11.2011)

3. യു.ഒ.നം. 1763/എ III/4/2017 തീയതി 25.03.2017

4. 13.10.2020 ൽ കൂടിയ സിഡിക്കേറ്റ് യോഗ നടപടി ഇനം നമ്പർ 89/20.05/DDFS - 2703/Ad A9/3/2020.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, അക്കൗണ്ടന്റ് ജനറലിന്റെ 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിവിധ പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെയും, ജീവനക്കാരുടെയും പേരിൽ 2018 - 19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 63 താൽക്കാലിക മുൻകൂർ തുകകളുടെ (ആകെ ₹84,04,609/-) ക്രമീകരണത്തിന് കാലതാമസം നേരിട്ടിരിക്കുന്നതായും, പരാമർശം 2, 3 പ്രകാരം ടി മുൻകൂർ തുകകൾ 18% പിഴപ്പലിശയോടെ ടി ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലാ ധനകാര്യവിഭാഗം താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

പ്രൊവിഷണൽ അഡ്വാൻസ് ക്രമീകരണവുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്മെന്റും ചൂണ്ടിക്കാണിച്ചിട്ടുള്ള വിവരങ്ങൾ വളരെയധികം ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്. നിരവധി തവണ അടിയന്തിരമായി മുൻകൂർ തുകകൾ ക്രമീകരിക്കണമെന്നു കാണിച്ചുകൊണ്ട് അറിയിപ്പുകൾ നൽകിയിട്ടും താൽക്കാലിക മുൻകൂർ തുകകൾ എടുത്തിട്ടുള്ള അധ്യാപക / അനധ്യാപകർ ഈ അറിയിപ്പുകളെ പൂർണ്ണമായും അവഗണിച്ചിട്ടുള്ളത്, ഫിനാൻസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ നിയമസഭാ സമിതിക്കു മുമ്പിലും ഇത് സംബന്ധിച്ച് മറുപടി നല്കാൻ സർവകലാശാല ബധ്യസ്ഥമാണ്. നിലവിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റും കെ.എസ്.എ.ഡി യുടെ ഓഡിറ്റും മേൽപ്പടി അധ്യാപക / അനധ്യാപകരിൽ നിന്നും കാലതാമസത്തിനു 18% പിഴ പലിശ ഈടാക്കി മുൻകൂർ

തുക ക്രമീകരിക്കാത്തത് സർവകലാശാലയ്ക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയി യിട്ടുള്ളതായും, ആയതിനു കാരണം ഫിനാൻസ് വിഭാഗത്തിന്റെ പരാജയം ആണെന്നും അഭിപ്രായപ്പെട്ടിരിക്കുന്നത് സർവകലാശാലയ്ക്കു കളങ്കം ഉണ്ടാക്കുന്നതാണ്. 2009 മുതൽ നാളിതു വരെ ഏകദേശം ₹10,00,00,000/- (പത്തു കോടി രൂപാ മാത്രം) യോളം രൂപയുടെ 350 ഓളം താൽക്കാലിക മുൻകൂർ തുകകൾ ക്രമീകരിക്കാനുള്ളതായിട്ടുണ്ട്. ഈ വിഷയം വളരെ ഗൗരവമായി കണക്കിലെടുത്തു അന്തിമമായി തീർപ്പു കല്പിക്കേണ്ടതാണെന്ന് ധനകാര്യ വിഭാഗം അഭിപ്രായപ്പെടുകയുണ്ടായി.

മേൽ വിഷയം 13/10/2020-ൽ കൂടിയ സിണ്ടിക്കേറ്റ് യോഗം പരിഗണിക്കുകയും, മേൽ പരാമർശം 4 പ്രകാരം ചുവടെ പറഞ്ഞിട്ടുള്ള തീരുമാനം എടുക്കുകയുമുണ്ടായി.

"പ്രസ്തുത വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഡ്വ. എം. അനിൽകുമാർ (സിൻഡിക്കേറ്റ് അംഗം), ഡോ. നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം), രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരടങ്ങുന്ന കമ്മറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു".

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേശൻ പി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഡ്വ. എം. അനിൽകുമാർ , സിൻഡിക്കേറ്റ് അംഗം.
2. ഡോ. നന്ദകുമാർ കളരിക്കൽ, സിൻഡിക്കേറ്റ് അംഗം.
3. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ
5. ഓഡിറ്റ് I,II,III,IV,V/ഡി.ആർ(പി&ഡി)/പി&ഡി II/എഫ്.സി.സി
6. എ.ഡി.ഡി/എഡിഎII/എഡിഎVII/എ.സി.സി.I/പി. പി. രജിസ്റ്റർ
7. ഐ.ക്യൂ.എ.സി./കണ്ടന്റ് മാനേജ്മെന്റ്
8. റെക്കോർഡ്സ് സെക്ഷൻ
9. ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #2 of File 2703/AD A9/3/2020/AD A 9 Approved by ASSISTANT REGISTRAR II (ADMIN) on 10-Nov-2020 10:55 AM - Page 2